ഈ സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ചുള്ള ഒരു സ്ഥിതിവിവരക്കണക്ക് ശേഖരിക്കുകയുണ്ടായി. കഴിഞ്ഞവർഷം തയ്യാറാക്കിയകണക്കനുസരിച്ച് ഇന്ന് സർക്കാർ സ്കൂളുകൾക്ക് അത്യാവശ്യമുള്ള കെട്ടിടങ്ങൾ തീർക്കണമെങ്കിൽ 126 കോടി രൂപ വേണ്ടിവരും. വളരെ പരിമിതമായ സംഖ്യമാത്രമേ പ്രതിവർഷം ഇതിനുവേണ്ടി ബഡ്ജറ്റിൽ മാറ്റിവെയ്ക്കാൻ കഴിയുന്നുള്ളു. അങ്ങനെ ഒരു സാഹചര്യത്തിൽ അടുത്തകാലത്ത് ആരംഭിച്ച സ്കൂളുകൾക്കെല്ലാം സ്ഥിരമായിട്ട് കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുക്കുകയെന്നുള്ളത് ബുദ്ധിമുട്ടുള്ള ഒരു സംഗതിയായി മാറിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഒരു ഭാഗംകൂടിയാണ് ഹോസ്ദുർഗ് നിയോജകമണ്ഡലത്തിൽ ഉണ്ടായിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചകാര്യം. അടുത്തകാലത്തായി ആരംഭിച്ചിട്ടുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണം അദ്ദേഹം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം സൂചിപ്പിക്കുകയുണ്ടായി. ഇവിടെ പ്രധാനമായി ചൂണ്ടിക്കാണിച്ചത് രണ്ടുസ്കൂളുകളെസംബന്ധിച്ചാണ്. അത് ചായ്യോത്ത് ഗവൺമെന്റ് ഹൈസ്കൂളും മടിക്കൈ ഗവൺമെന്റ് ഹൈസ്കൂളുമാണ്. ചായ്യോത്ത് ഹൈസ്കൂളിൽ ഇപ്പോഴുള്ള കെട്ടിടങ്ങളുടെ സ്ഥിതി സ്ഥിരമായ കെട്ടിടം ഒരെണ്ണംമാത്രമേയുള്ളു. സെമി പെർമനന്റ് ഷെഡ് ഉണ്ട്. താൽക്കാലികഷെഡ് രണ്ടെണ്ണമുണ്ട്. ആകെയുള്ള ഡിവിഷൻ 25 ആണ്. അതിൽ 16 ഡിവിഷൻ നടത്തുവാനുള്ള സ്കൂൾ കെട്ടിടങ്ങൾ ഇപ്പോഴുണ്ട്. അതുപോലെതന്നെ മടിക്കൈ സ്കൂളിൽ സ്ഥിരമായ കെട്ടിടം രണ്ടെണ്ണമുണ്ട്. സെമി പെർമനന്റ് ഷെഡ് ഒന്നും ബാക്കി താൽക്കാലികഷെഡുമാണുള്ളത് ആകെയുള്ള ഡിവിഷൻ 22 ആണ്. 13 ഡിവിഷൻ നടത്താനുള്ള സൗകര്യമിവിടെയുണ്ട് എന്നുള്ളത് തർക്കമറ്റ സംഗതിയാണ്. ഈ രണ്ട് വിദ്യാഭ്യാസസ്ഥാപനങ്ങളിലും അദ്ദേഹം ചൂണ്ടിക്കാണിച്ച ഒരു സ്ഥാപനത്തിലുമെല്ലാം തന്നെ ഗവൺമെന്റ് തയ്യാറാക്കി പ്രപ്പോസൽ ലിസ്റ്റ് വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വർക്കുകൾ ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. എന്തൊക്കെയാണെങ്കിലും കഴിയുന്നതും വേഗത്തിൽ ഈ രണ്ട് സ്കൂളുകളെസംബന്ധിച്ചുള്ള വർക്കുകൾ ഏറ്റെടുത്ത് അവിടെ അത്യാവശ്യമുള്ള സൗകര്യമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. ടി. കുമാരൻ: അതുപോലെതന്നെ നീലേശ്വരം വെൽഫെയർ സ്കൂൾ പ്രവർത്തിച്ചുകൊണ്ടിരുന്ന കെട്ടിടം തകർന്നുവീണതിന്റെ ഫലമായിട്ട് നാട്ടുകാർ ഒരു ഷെഡ് ഉണ്ടാക്കി. ആ ഷെഡ്ഡിലാണ് ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അടിയന്തരമായി അവിടെ വെൽഫെയർ സ്കൂൾ കെട്ടിടം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: അക്കാര്യം പ്രത്യേകമായി പരിശോധിക്കാം.

(2) ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. ഉമ്മൻചാണ്ടി: സർ, കേരളത്തിലെ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ട ആവശ്യകതയിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുവാൻ ഞാനാഗ്രഹിക്കുന്നു. വളരെയേറെ പ്രതീക്ഷയോടുകൂടിയാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷന്റെ പ്രവർത്തനത്തെ കണ്ടിരുന്നത്. 20 ലക്ഷത്തോളം വരുന്ന ആർട്ടിസാൻസ് കുടുംബാംഗങ്ങളെസംബന്ധിച്ചിടത്തോളം ഈ കോർപ്പറേഷൻ ഒരു വലിയ ആശ്വാസമായിരുന്നു. പക്ഷേ പ്രതീക്ഷയ്ക്കനുസരിച്ച് ഈ കോർപ്പറേഷന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നില്ല. രജിസ്റ്റർ ചെയ്ത സമയത്ത് ഉദ്ദേശിച്ചിരുന്ന ഷെയർ ക്യാപ്പിറ്റൽ പ്രവർത്തനം ആരംഭിച്ച സമയത്ത് 25 ശതമാനമായി വെട്ടിക്കുറിച്ച് കോർപ്പറേഷന്റെ പ്രവർത്തനം വളരെയധികം ഇന്ന് പരിമിതപ്പെടുത്തിയിട്ടുണ്ട്. വളരെയധികം വികസിപ്പിച്ചെടുക്കാൻ സാധിക്കുന്ന ഒരു കോർപ്പറേഷനാണിത്. വളരെയേറെ കഴിവുള്ള ജോലി ചെയ്യാൻ സന്നദ്ധതയുള്ള കരകൗശല തൊഴിലാളികളും നമുക്കുണ്ട്, അവരുടെ കഴിവുകളും പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കുന്ന വിധത്തിൽ വളരെയേറെ പ്രവർത്തനപരിപാടികളും ഈ കോർപ്പറേഷന് ഏറ്റെടുക്കാൻ സാധിക്കും. അതിനുള്ള മാർക്കറ്റ് ഈ സംസ്ഥാനത്തും സംസ്ഥാനത്തിനുപുറത്തും വിദേശരാജ്യങ്ങളിലും നമുക്ക് കണ്ടെത്താൻ യാതൊരു ബുദ്ധിമുട്ടുമുണ്ടാകുകയില്ല. കരകൗശലത്തൊഴിലാളികളുടെ വീടുകളിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളെ ആധുനീവൽക്കരിക്കുന്നതിന് അവർക്ക് വായ്പ കൊടുക്കുവാനും പുതിയപുതിയ സെൻറുകളിൽ കൂടെ കരകൗശലത്തൊഴിലാളികളെ ഒന്നിപ്പിച്ച് ജോലികൊടുക്കുന്നതിനും സാധിക്കുന്നവിധത്തിൽ വളരെയേറെ പരിപാടികളും ഈ കോർപ്പറേഷന് ആവിഷ്കരിക്കുവാൻകഴിയും. ഈ കോർപ്പറേഷൻ രൂപീകരിക്കുന്ന അവസരത്തിൽ എന്തായിരുന്നുവോ ഈ കോർപ്പറേഷനെക്കുറിച്ചുണ്ടായിരുന്ന പ്രതീക്ഷ ആ പ്രതീക്ഷയ്ക്കനുസരിച്ച് ഇതിന്റെ പ്രവർത്തനങ്ങളും വ്യാപകമാക്കുന്നതിനും കൂടുതൽ വിപുലീകരിക്കുന്നതിനും വേണ്ട അടിയന്തിര നടപടികളും സ്വീകരിക്കണമെന്നു ഞാൻ ഗവൺമെൻറിനോടഭ്യർത്ഥിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, സമൂഹത്തിൽ വളരെയേറെ പിന്നോക്കംനിൽക്കുന്ന ഇരുമ്പുപണി, മരപ്പണി, വാർപ്പുപണി, സ്വർണ്ണപ്പണി, കൽപ്പണി, മൺപാത്രനിർമ്മാണം, തുകൽ ഉൽപന്നനിർമ്മാണം എന്നീ പരമ്പരാഗത കുലത്തൊഴിലുകളും ചെയ്യുന്ന അർഹതയുള്ള ആർട്ടിസാൻസിന് എല്ലാവിധ സാഹായങ്ങളും നൽകുന്നതിന്, അവരെ സംഘടിപ്പിച്ച് അവരുടെ സാമ്പത്തികപുരോഗതിക്കു സഹായകമായ വ്യാവസായികഉല്പന്നങ്ങളും നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനുവേണ്ടിയാണ് ഈ ആർട്ടിസാൻസ് ഡെവലപ്മെൻറ് കോർപ്പറേഷൻ രൂപീകരിച്ചത്. കോർപ്പറേഷന്റെ പ്രവർത്തനം ഇത്തരം പ്രാഥമികയുല്പാദന യൂണിറ്റുകളും സംഘടിപ്പിക്കുകയെന്നുള്ളതാണ്. കോർപ്പറേഷന്റെ മുഖ്യമായ പ്രവർത്തനപരിപാടിയനുസരിച്ചുതന്നെ ഇത്തരം ആധുനികഉപകരണങ്ങളും ഉപയോഗിച്ചുള്ള ചെറിയ വ്യവസായസ്ഥാപനങ്ങളും, വരുന്ന പത്തുവർഷത്തിനകം 3,200 പ്രാഥമിക ഉല്പാദനയൂണിറ്റുകളും സ്ഥാപിക്കണമെന്നാണ്. അതിന്റെ ഉദ്ദേശ്യ ലക്ഷ്യമായി പ്രോജക്ട് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ഒരു യൂണിറ്റിനായിവരുന്ന ചെലവ് മൂന്നുലക്ഷം രൂപയായിരിക്കും. ഈ മൂന്നുലക്ഷംരൂപ ഒരു യൂണിറ്റിനുനൽകിയാൽ അതിൽ ഗുണഭോക്താക്കളും 10, കോർപ്പറേഷൻ 40, ബാങ്ക് 50, എന്നീ അനുപാതത്തിൽ സഹായം നൽകും. ഇതിൽ ആദ്യത്തെ ഒരു വർഷത്തിനുശേഷം ബാങ്കിൽനിന്നുവാങ്ങുന്ന 50 ശതമാനം തിരിച്ചടയ്ക്കുക അതിനുശേഷം കോർപ്പറേഷന്റെയും, തിരിച്ചടക്കുക എന്നതാണ് സ്കീം. 1982 ഫെബ്രുവരിയിൽ ഇത് ആരംഭിച്ചു, പക്ഷേ 1983-ലാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ തുക ഉൾക്കൊള്ളിച്ചത്. ആറ് യൂണിറ്റുകൾക്ക് കോട്ടയത്ത് ധനസഹായം നൽകിക്കഴിഞ്ഞു. ഇവർക്കെല്ലാംകൂടി രണ്ടുലക്ഷത്തിനാൽപത്തെണ്ണായിരം രൂപ കോർപ്പറേഷൻ 40 ശതമാനം വിഹിതമായി നൽകി. അഞ്ച് യൂണിറ്റുകൾ നടപടികളെല്ലാം പൂർത്തിയാക്കി കോർപ്പറേഷന്റെ ലോൺ വിഹിതത്തിനായി കാത്തിരിക്കുകയാണ്. കൂടാതെ പത്ത് യൂണിറ്റുകൾകൂടി കോട്ടയത്ത് സംഘടിപ്പിക്കുന്നുണ്ട്. കോട്ടയം ജില്ലയിൽ ഇതിന് 21 യൂണിറ്റുകൾ ഇപ്പോൾ എത്താണ്ട് പൂർത്തിയായി. മലപ്പുറം ജില്ലയിൽ 1984 ഏപ്രിൽ മാസം ആരംഭിച്ച ഡെവലപ്മെന്റ് സെന്ററിന്റെ കീഴിൽ 13 യൂണിറ്റുകൾ സംഘടിപ്പിച്ചു. അതിൽ നാല് യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകാൻതക്കവണ്ണം നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. കണ്ണൂർ ജില്ലയിൽ 1984 ആഗസ്റ്റ് മാസം ഡെവലപ്മെന്റ് സെന്റർ ആരംഭിച്ച് അഞ്ചു യൂണിറ്റുകൾ സംഘടിപ്പിച്ചു. അങ്ങനെ ആകെ ഇപ്പോൾ സംസ്ഥാനത്ത് 39 യൂണിറ്റുകളുണ്ട്. ഈ 39 യൂണിറ്റുകൾക്കും 40 ശതമാനംവരുന്ന വിഹിതം നൽകുവാൻ കോർപ്പറേഷന് സാമ്പത്തിക വിഷമതകളുണ്ടെങ്കിലും ഗവൺമെന്റ് കഴിയുന്നത്ര പണം അതിന് ഉൾക്കൊള്ളിക്കുമെന്ന് നമ്മെ ഉറപ്പുനൽകാൻ ഞാനീയവസരം വിനിയോഗിക്കുന്നു.

ഇതിനുപുറമേ സഹകരണബാങ്ക് ഈ രംഗത്ത് മാതൃകാപരമായ സഹായം നൽകുകയുണ്ടായി. സ്വന്തം വീടുകളിൽ ഓരോ ഹൗസ്ഹോൾഡ് യൂണിറ്റാക്കാൻവേണ്ടി 1874 ആർട്ടിസാൻസിന് ഒരുകോടിതൊണ്ണൂറ്റിയഞ്ചുലക്ഷത്തി എഴുപത്തിനാലായിരത്തി എഴുനൂറ്റിയൻപത് രൂപ സംസ്ഥാന സഹകരണബാങ്ക് നൽകുകയുണ്ടായി. ഈ സ്കീമനുസരിച്ച് ഒരാളിന് പരമാവധി വായ്പ 25,000 രൂപയാണ്. ആർട്ടിസാൻസിന് അവരുടെ വീടുകളിൽ ചെറിയ യൂണിറ്റുകൾ സംഘടിപ്പിക്കാൻ ഈ പദ്ധതിയിൽ രണ്ടരശതമാനം സർവ്വീസ് ചാർജ് മാത്രമേ ഈടാക്കുന്നുള്ളു. ഇത് കൂടുതൽ വ്യാപകമാക്കാൻ സംസ്ഥാനസഹകരണബാങ്ക് വളരെയധികം സഹായിക്കുന്നുണ്ടെങ്കിലും, ജില്ലാസഹകരണബാങ്കുകൾ സഹായിക്കുന്നില്ല എന്നുള്ള വസ്തുതകൂടി ഖേദപൂർവ്വം ഞാൻ അനുസ്മരിക്കുകയാണ്, ഇത് പരിഹരിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപോലെ ദേശസാൽകൃതബാങ്കുകൾ മുഖാന്തിരം പദ്ധതികൾ നടപ്പിലാക്കാൻ കോർപ്പറേഷൻ ശ്രമിച്ചുവരുന്നുണ്ട്. അതിന് ബാങ്കിംഗ് ഉദ്യോഗസ്ഥൻമാരുമായി നടത്തിയ ഒരു ഉന്നതതലസംഭാഷണത്തിന്റെ ഫലമായി തിരുവനന്തപുരത്ത് ഇന്ത്യൻ ഓവർസീസ് ബാങ്ക്, കോട്ടയത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, മലപ്പുറത്ത് കാനറ ബാങ്ക്, കണ്ണൂരിൽ സിൻഡിക്കേറ്റ് ബാങ്ക് എന്നിവയെല്ലാം ലീഡു ബാങ്കായി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മറ്റു പല പുതിയപദ്ധതികളും ഈ വിഭാഗത്തിന്റെ വരുമാനവർദ്ധനവിനുവേണ്ടി ഏറ്റെടുത്തിരിക്കുകയാണ്. 'Supply and Service Scheme' അത് ഹയർ പർച്ചേയ്സ്, സ്കീമിനു എതിരായിട്ടുള്ളതാണ്. ജൂവല്ലറിയായാലും പാത്രമായാലും ആർട്ടിസാൻസിനുണ്ടാക്കാൻകഴിയുന്ന ഏതു സാധനവും, ആവശ്യമുള്ളവർ വിലയുടെ ഒരുഭാഗം മുൻകൂട്ടി കോർപ്പറേഷനെ ഏല്പിച്ചാൽ ബന്ധപ്പെട്ട ആർട്ടിസാൻസിനെ സംഘടിപ്പിച്ചുകൊണ്ട്, അവർ യൂണിറ്റുകളുണ്ടാക്കി അവരെക്കൊണ്ട് നിർമ്മിച്ചു ആവശ്യക്കാർക്ക് കൊടുക്കാനുള്ള ഒരു പുതിയ പദ്ധതിയാണ് ഇത്. അങ്ങനെ സമൂഹത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന നമ്മുടെ പാവപ്പെട്ട ആർട്ടിസാൻസിന്റെ സാമ്പത്തികനില ഭദ്രമാക്കാൻകഴിയും. അവർക്ക് നല്ലൊരു ജീവിതം

LIBRARY ARCHIVES Kerala Legislative Assembly

കൈവരുത്തുവാനുള്ള കോർപ്പറേഷന്റെ പ്രവർത്തനം വളരെ മാതൃകാപരമായി നല്ലൊരുനിലയിൽകൊണ്ടുപോകാനുമുള്ള ശ്രമങ്ങളുണ്ട്. സാമ്പത്തികമായ വിഷമതകൊണ്ട് വിചാരിച്ചപോലെ പദ്ധതികൾ പെട്ടെന്ന് പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിലും ഈ ആർട്ടിസാൻസിന്റെ കാര്യത്തിൽ സംസ്ഥാനഗവൺമെന്റ് പ്രത്യേക ശ്രദ്ധചെലുത്തുന്നുണ്ട്. ഈ കോർപ്പറേഷനാവശ്യമായ തുക ഉൾക്കൊള്ളിക്കാൻ ഫൈനാൻസ് വകുപ്പു പ്രത്യേകമായി ശ്രദ്ധിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

ശ്രീ. ഉമ്മൻചാണ്ടി: ഈ കോർപ്പറേഷൻ രജിസ്റ്റർ ചെയ്ത സമയത്തുണ്ടായിരുന്ന ഷെയർ ക്യാപ്പിറ്റലിൽനിന്ന് അത് 25 ശതമാനമായികുറച്ച്. ആ ഷെയർ ക്യാപ്പിറ്റൽ മുഴുവനായിട്ട് നൽകിക്കൊണ്ട് അടിയന്തിരമായി ഇതിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് വേണ്ടത്ര സാമ്പത്തികസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. അഹമ്മദ്: ഷെയർ ക്യാപിറ്റൽ വർദ്ധിപ്പിച്ചാൽ മാത്രം ഈ പദ്ധതികൾ നടപ്പിലാകുകയില്ല. അതുൾപ്പെടെയുള്ള കാര്യങ്ങളാണ് ഞാൻ ഇവിടെ പറഞ്ഞത്.

IV. സബ്മിഷൻ

(1) കാക്കടവ് ജലസേചനപദ്ധതിയെ സംബന്ധിച്ച്

ശ്രീ. കെ. പുരുഷോത്തമൻ: കണ്ണൂർ-കാസർകോട് ജില്ലയിലെ ജനങ്ങളുടെ ചിരകാലാഭിലാഷമായിരുന്ന കാക്കടവ് ജലസേചനപദ്ധതി ഇന്നും കേവലം അഭിലാഷമായി മാത്രം കിടക്കുകയാണ്. കഴിഞ്ഞ നിയമസഭയിൽ ഈ പദ്ധതിയുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുമെന്ന് ജലസേചനവകുപ്പുമന്ത്രി ഉറപ്പ് തന്നതാണ്. എന്നാൽ ഇന്ന് അവിടെ പ്രവർത്തിച്ചുവരുന്ന ആഫീസുകൾ ഓരോന്നോരോന്നായി അവിടെനിന്നും മാറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം ലോകബാങ്കിന്റെ ഒരു പ്രതിനിധിസംഘം അവിടെ മാറാൻ ഉദ്ദേശിച്ചിരുന്ന സ്ഥലം സന്ദർശിക്കാൻ വരുന്നുവെന്നറിഞ്ഞു, പക്ഷേ അവർ വന്നില്ല. ഏറ്റവും ഒടുവിൽ കിട്ടിയ വാർത്തയനുസരിച്ച് അവിടെ പ്രവർത്തിച്ചിരുന്ന ഒരു ഡിവിഷണൽ എൻജിനീയറിംഗ് ആഫീസ് പോലും അവിടെനിന്ന് മാറാൻ പോകുന്നു എന്നാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി അവിടത്തെ ജനങ്ങൾ ഒന്നടങ്കം പ്രക്ഷോഭത്തിലാണ്. അതുകൊണ്ട് ഈ പദ്ധതിയുടെ പ്രവർത്തനം ഇപ്പോഴുള്ളപടെ സ്തംഭിച്ചിരിക്കുന്നത് മാറി അതിന്റെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇപ്പോഴത്തെ എകദേശം രണ്ട് കോടിയോളം രൂപ ഈ പദ്ധതിക്കുവേണ്ടി ചെലവാക്കിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly